SUNDAY 06/07/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

Government of Kerala

**Chief Editor:** SINDHU. KS **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/07/2025

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻബ്യൂറോ 2025- 26 വർഷത്തിൽ **കൃഷിസമൃദ്ധിയിൽ എന്റെ കേരളം** എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൃഷി മൃഗസംരക്ഷണം ക്ഷീരവികസന മേഖലകളിലെ ജീവന്റെതുടിപ്പുള്ള ഹൃദയസ്പർശിയായ ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്.

   ഒന്നാം സമ്മാനം 25000 രൂപ

   രണ്ടാം സമ്മാനം 15000/-രൂപ

   മൂന്നാം സമ്മാനം 10000/-രൂപ

   പ്രോത്സാഹന സമ്മാനം 2000/- രൂപ വീതം 10 പേർക്ക്

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, fibtvmphotography@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ 2025 ആഗസ്റ്റ് 15 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860, 9383470289 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. എസ്. എഫ്. എ. സി കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കാർഷിക വിവര സങ്കേതം കർഷക കോൾ സെൻറർ' എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കർഷകർക്ക് കൃഷി സംബന്ധമായ ഏതൊരു സംശയവും ടോൾ ഫ്രീ നമ്പറായ "1800 425 1661* മുഖേന വിളിച്ച് ചോദിക്കുകയോ രോഗകീടബാധയേറ്റ വിളയുടെ ചിത്രം വാട്സ്ആപ് നമ്പറായ "9447051661 എന്നതിലൂടെ അയച്ച് കൊടുത്ത് സംശയനിവാരണം നടത്താവുന്നതാണ്.

3. ജില്ലയിൽ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന കാർഷിക സ്ഥിതിവിവരക്കണക്ക് സർവേയുടെ 2025- 26 വർഷത്തെ ഫീൽഡുതല ജോലികൾ ആരംഭിച്ചു .കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥിതിവിവര കണക്കുകളാണ് ശേഖരിക്കുന്നത്. കാർഷിക-കാർഷികേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി, വിളകളുടെ ഉദ്പാദനം, ഉദ് പാദനക്ഷമത, ജലസേചനം സംബന്ധിച്ച വിവരങ്ങൾ, ജലസേചന സ്രോതസ്സ് തുടങ്ങിയ വിവരങ്ങളാണ് പ്രധാനമായും ശേഖരിക്കുന്നത്. വിവരങ്ങൾ ശേഖരിക്കുന്നതിനായിസ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ വീടുകളിലെത്തുമ്പോൾ പൊതുജനങ്ങൾ കൃത്യമായ വിവരങ്ങൾ നൽകണമെന്ന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ പി.ആർ.ശ്രീലേഖ അറിയിച്ചു.

4. റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രമോഷൻ ഡിവിഷനിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. കോട്ടയത്ത് പ്രൊഫഷണലുകളെ' പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ കാമ്പസിൽ പ്രവർത്തിക്കുന്ന മാർക്കറ്റ് പ്രമോഷൻ ഡിവിഷനുമായി ബന്ധപ്പെട്ട ജോലികളിൽ സഹായിക്കുകയും പ്രകൃതിദത്ത റബ്ബറിന്റെ ഇലക്ട്രോണിക് വിപണിയായ 'എംറൂബ്' പ്രോത്സാഹിപ്പിക്കുകയും എന്നതാണ് ചെയ്യുക പ്രൊഫഷണലുകളുടെ ജോലി ഉദ്യോഗാർത്ഥികൾ മാർക്കറ്റിങ്ങിലോ അഗ്രി ബിസിനസ്സ് മാനേജ്മെന്റിലോ എംബിഎ നേടിയവരും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ അറിവുള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/ വിപണനം/ മാർക്കറ്റ് ഗവേഷണം എന്നിവയിലുള്ള പ്രവൃത്തിപരിചയം അഭികാമ്യമാണ്. അപേക്ഷകരുടെ പ്രായം 2025 ആഗസ്റ്റ് ഒന്നിന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ നിശ്ചിത ഫോറത്തിൽ ഉള്ള അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രമോഷൻ ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ, കോട്ടയം -9 എന്ന വിലാസത്തിൽ 2025 ജൂലൈ 20 -ന് മുമ്പ് ലഭിക്കത്തക്കവിധം അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുക.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 07/07/2025 മുതൽ 18/07/2025 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർക്ക് പാലുൽപ്പന്ന പരിശീലന പരിപാടി നടത്തുന്നു. ക്ഷീരോൽപ്പന്ന നിർമ്മാണസംരംഭകത്വം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും ക്ഷീരകർഷകർക്കും പരിശീലനം പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ് . പരിശീലനത്തിന് താത്പര്യമുള്ളവർ 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

6. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് 2025 ജൂലൈ 19 മുതൽ 31 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജൂലൈ 18 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471-2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം -695004. Email ID:principaldtctvm@gmail.com

7. **കാർഷിക നിർദേശം**

മഴക്കാലത്ത് തെങ്ങിനെ ബാധിക്കുന്ന കുമിൾരോഗങ്ങളാണ് ചെന്നീരൊലിപ്പ്, കുമ്പുചീയൽ എന്നിവ. ചെന്നീരൊലിപ്പ് ബാധിച്ച തെങ്ങിന് 5 കിലോഗ്രാം വീതം വേപ്പിൻപിണ്ണാക്ക് ചേർക്കണം. കറ ഒലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി ഉരുക്കിയ ടാറോ, ബോർഡോ കുഴമ്പോ തേയ്ക്കുക. കാറ്റു വീഴ്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ കുമ്പുചീയൽ രോഗവും സാധാരണ കാണാറുണ്ട്. നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഭാഗം ചെത്തി മാറ്റി തീയിട്ട് നശിപ്പിക്കുക. പിന്നീട് ബോർഡോ കുഴമ്പു പുരട്ടി വെള്ളം ഇറങ്ങാത്തവിധം മൺചട്ടികൊണ്ട് മൂടിവയ്ക്കുക. കൂടാതെ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തെങ്ങോലകളിൽ തളിച്ചു കൊടുക്കുകയും വേണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം